# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1927** **07-12-2015-ൽ മറുപടിയ്ക്ക്**

## 2015-16 സാമ്പത്തിക വർഷത്തെ നികുതി

| | ചോദ്യം<br><br>ശ്രീമതി. കെ.എസ്. സലീഖ : | | മറുപടി<br><br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | 2015-16 സാമ്പത്തിക വർഷം ഓരോ വകുപ്പുകൾക്കും അനുവദിച്ച തുക എത്രയെന്നും; ആയതിൽ ഓരോ വകുപ്പും 2015 ഒക്ടോബർ 31 വരെ എത്ര തുകവീതം ചെലവഴിച്ചെന്നും വിശദമാക്കുമോ; | (എ) | വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | നടപ്പുവർഷം ലോട്ടറി, മോട്ടോർ വാഹന, രജിസ്ട്രേഷൻ വകുപ്പുകളിൽനിന്നും എത്ര തുക നികുതിയിനത്തിൽ പിരിക്കുവാനാണ് തീരുമാനിച്ചത്; പ്രസ്തുത വകുപ്പുകളിൽനിന്നും 2015 ഒക്ടോബർ 31 വരെ എത്ര തുക പിരിഞ്ഞുകിട്ടി; വ്യക്തമാക്കുമോ; | (ബി) | **ലോട്ടറി വകുപ്പ്**<br><br>പ്രതിവാര ഭാഗ്യക്കുറികൾക്ക് 50 ലക്ഷം രൂപ വീതവും ബമ്പർ ഭാഗ്യക്കുറികൾക്ക് 1 കോടി രൂപ വീതവും മുൻകൂർ നികുതി ചുമത്തുന്നുണ്ട്. 2015 ഒക്ടോബർ 31 വരെ ഈയിനത്തിൽ 108 കോടി രൂപ കിട്ടിയിട്ടുണ്ട്.<br><br>**മോട്ടോർ വാഹന വകുപ്പ്**<br><br>2015-16 സാമ്പത്തിക വർഷത്തിൽ മോട്ടോർ വാഹന വകുപ്പ് 3087.35 കോടി രൂപയാണ് പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 2015 ഒക്ടോബർ 31 വരെ 1532.81 കോടി രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **രജിസ്ട്രേഷൻ വകുപ്പ്**<br><br>4166 കോടി രൂപ പിരിക്കുവാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ 2015 ഒക്ടോബർ 31 വരെ 1462.15 കോടി രൂപ പിരിഞ്ഞുകിട്ടി. |
| (സി) | നടപ്പ് സാമ്പത്തിക വർഷം നികുതിയിനത്തിൽ മദ്യ വിപണനം വഴി ഉദ്ദേശിച്ച വരുമാനം എത്ര; ആയതിൽ 2015 ഒക്ടോബർ 31 വരെ എത്ര തുക പിരിഞ്ഞുകിട്ടി; വിശദമാക്കുമോ; | (സി) | നടപ്പ് സമ്പത്തിക വർഷം നികുതിയിനത്തിൽ മദ്യവിപണനം വഴി ഉദ്ദേശിച്ച വരുമാനം 2600.66 കോടി രൂപയാണ്. ആയതിൽ 2015 ഒക്ടോബർ 31 വരെ 1121.14 കോടി രൂപ പിരിഞ്ഞുകിട്ടി. |
| (ഡി) | സ്വർണ്ണ വിപണന രംഗത്തുനിന്നും നടപ്പുവർഷം നികുതിയിനത്തിൽ ഉദ്ദേശിച്ച വരുമാനം എത്ര; നാളിതുവരെ (2015 ഒക്ടോബർ 31 വരെ) എത്ര തുക പിരിഞ്ഞുകിട്ടി; പ്രസ്തുത മേഖലയിലെ നികുതി ഘടനയിലെ അപാകതകൾമൂലം നികുതി വരുമാനം കുറയുകയും സ്വർണ്ണം കള്ളക്കടത്ത് കൂടുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ഡി) | സ്വർണ്ണ വിപണന രംഗത്ത് നടപ്പ് സാമ്പത്തിക വർഷം നികുതിയിനത്തിൽ പ്രത്യേക ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. 2015 ഒക്ടോബർ 31 വരെ സ്വർണ്ണ വിപണനം വഴിയുള്ള നികുതിയായ 322.72 കോടി രൂപ പിരിച്ചെടുത്തു. നടപ്പ് സാമ്പത്തിക വർഷം സ്വർണ്ണത്തിൽ നിന്നുള്ള നികുതി വരുമാനത്തിൽ കുറവ് വന്നിട്ടില്ല. 31-10-2015-ലെ കണക്കുകൾ പ്രകാരം 19% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥന | 2015-16 ബഡ്ജറ്റ് വിഹിതം (ഉപ ധനാഭ്യർത്ഥന ഉൾപ്പെടെ) | 2015-16 സെപ്റ്റംബർ മാസം വരെ ചെലവായ തുക | ചെലവഴിക്കലിന്റെ ശതമാനം |
|---|---|---|---|---|
| | | (തുക കോടി രൂപയിൽ) | | |
| 1 | സംസ്ഥാന നിയമസഭ | 88.75 | 43.49 | 49.00 |
| 2 | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 769.50 | 277.81 | 36.10 |
| 3 | നീതിന്യായ നിർവ്വഹണം | 676.83 | 310.25 | 45.84 |
| 4 | തെരഞ്ഞെടുപ്പുകൾ | 112.24 | 31.84 | 28.37 |
| 5 | കാർഷികാദായ നികുതിയും വിൽപന നികുതിയും | 268.96 | 122.00 | 45.36 |
| 6 | ഭൂനികുതി | 528.45 | 246.23 | 46.59 |
| 7 | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 185.94 | 83.26 | 44.78 |
| 8 | എക്സൈസ് | 248.36 | 109.77 | 44.20 |
| 9 | വാഹന നികുതികൾ | 101.75 | 48.92 | 48.08 |
| 10 | ട്രഷറികളും അക്കൗണ്ടുകളും | 238.04 | 110.81 | 46.55 |
| 11 | ജില്ലാഭരണവും പലവകയും | 503.21 | 253.69 | 50.41 |
| 12 | പോലീസ് | 3200.75 | 1357.62 | 42.42 |
| 13 | ജയിലുകൾ | 101.44 | 47.53 | 46.86 |
| 14 | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 366.96 | 171.05 | 46.61 |
| 15 | പൊതുമരാമത്ത് | 4805.10 | 2005.93 | 41.75 |
| 16 | പെൻഷനും പലവകയും | 18300.32 | 8554.08 | 46.74 |
| 17 | വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 16838.75 | 7044.14 | 41.83 |
| 18 | വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും | 5035.89 | 2050.73 | 40.72 |
| 19 | കുടുംബക്ഷേമം | 579.16 | 231.56 | 39.98 |
| 20 | ശുദ്ധജല വിതരണവും ശുചീകരണവും | 1322.45 | 577.17 | 43.64 |
| 21 | ഭവന നിർമ്മാണം | 140.49 | 41.14 | 29.28 |
| 22 | നഗര വികസനം | 964.78 | 81.34 | 8.43 |
| 23 | വാർത്താവിതരണവും പ്രചരണവും | 85.00 | 35.26 | 41.48 |
| 24 | തൊഴിലും തൊഴിലാളിക്ഷേമവും | 996.66 | 212.82 | 21.35 |
| 25 | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2671.82 | 834.37 | 31.23 |
| 26 | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | 435.55 | 50.01 | 11.48 |
| 27 | സഹകരണം | 353.82 | 136.80 | 38.66 |

| | | | | |
|---|---|---|---|---|
| 28 | പലവക സാമ്പത്തിക സർവ്വീസുകൾ | 2229.85 | 66.91 | 3.00 |
| 29 | കൃഷി | 3058.73 | 950.99 | 31.09 |
| 30 | ഭക്ഷ്യം | 812.57 | 631.84 | 77.76 |
| 31 | മൃഗസംരക്ഷണം | 581.45 | 249.80 | 42.96 |
| 32 | ക്ഷീരവികസനം | 190.74 | 41.27 | 21.64 |
| 33 | മൽസ്യ ബന്ധനം | 575.97 | 286.60 | 49.76 |
| 34 | വനം | 570.89 | 202.57 | 35.48 |
| 35 | പഞ്ചായത്ത് | 896.13 | 302.74 | 33.78 |
| 36 | ഗ്രാമ വികസനം | 2456.55 | 1290.08 | 52.52 |
| 37 | വ്യവസായങ്ങൾ | 1028.70 | 348.37 | 33.87 |
| 38 | ജലസേചനം | 835.46 | 297.50 | 35.61 |
| 39 | വൈദ്യുത പദ്ധതികൾ | 180.01 | 31.99 | 17.77 |
| 40 | തുറമുഖങ്ങൾ | 165.90 | 39.67 | 23.91 |
| 41 | ഗതാഗതം | 1370.82 | 486.70 | 35.50 |
| 42 | വിനോദസഞ്ചാരം | 369.43 | 98.36 | 26.62 |
| 43 | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 6493.05 | 908.85 | 14.00 |
| 45 | പലവക വായ്പകളും മുൻകൂറുകളും | 220.81 | 72.71 | 32.93 |
| 46 | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 3761.22 | 1589.73 | 42.27 |

ഒ
Jeyanthi
സെക്ഷൻ ഓഫീസർ